## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. വിവേകാനന്ദൻ വി.എച്ച്, ഓഫീസ് അറ്റൻഡന്റ് - നാടകം തുടങ്ങിയ മേഖലകളിൽ അഭിനയിക്കുന്നതിനും മറ്റ് കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നതിനും പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

സ.ഉ. (ആർ.റ്റി) നം. 3087/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.11.2016

---

പരാമർശം:- 1. ശ്രീ. വിവേകാനന്ദൻ. വി.എച്ച്, ഓഫീസ് അറ്റൻഡന്റ് സമർപ്പിച്ച 28.06.2016 ലെ അപേക്ഷ.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.08.2016 ലെ എ 2/10075/2013/സി.ഇ/തസ്വഭവ നമ്പർ കത്ത്.

### ഉത്തരവ്

തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അഞ്ചൽ സബ് ഡിവിഷനിലെ ഓഫീസ് അറ്റൻഡന്റും നിലവിൽ, കേരള വനിതാകമ്മിഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്യുന്നയാളുമായ ശ്രീ. വിവേകാനന്ദൻ. വി.എച്ച്. തന്റെ ഔദ്യോഗിക ജോലിയെ ബാധിക്കാത്ത തരത്തിലും പ്രതിഫലം കൈപ്പറ്റാതെയും, നാടകം തുടങ്ങിയ മേഖലകളിൽ അഭിനയിക്കുന്നതിനും മറ്റ് കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നതിനും പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം(1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വിവേകാനന്ദൻ. വി.എച്ച്ന് തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തെ ബാധിക്കാത്ത തരത്തിലും, പ്രതിഫലം കൈപ്പറ്റാതെയും, നാടകം തുടങ്ങിയ മേഖലകളിൽ അഭിനയിക്കുന്നതിനും, മറ്റ് കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നതിനും, നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് നൽകി പ്രത്യേക അനുമതി നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല. സി.എസ്
അണ്ടർ സെക്രട്ടറി

1. ശ്രീ. വിവേകാനന്ദൻ. വി.എച്ച്, ഓഫീസ് അറ്റൻഡന്റ്, കേരള വനിതാ കമ്മിഷൻ, ലൂർദ്ദ് പള്ളിക്ക് സമീപം, പി.എം.ജി, പട്ടം. പി.ഒ, തിരുവനന്തപുരം-4
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മിഷൻ, ലൂർദ്ദ് പള്ളിക്ക് സമീപം,പി.എം.ജി, പട്ടം, തിരുവനന്തപുരം-4 (സൂചന-08.10.2015 ലെ എ 3/2825/2014/കെ.ഡബ്ല്യൂ.സി നമ്പർ കത്ത്.)
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് സബ്ഡിവിഷൻ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം ജില്ല.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ